19.11.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 03-04-96

# സേവനങ്ങൾക്കൊപ്പമൊപ്പം പരിധിയില്ലാത്ത വൈരാഗ്യവൃത്തിയിലൂടെ പഴയതും വ്യർഥവുമായ സംസ്കാരങ്ങളിൽ നിന്ന് മുക്തമാകൂ

ഇന്ന് പരിധിയില്ലാത്ത അച്ഛൻ തന്റെ പരിധിയില്ലാത്ത സദാ സഹയോഗി സാഥികളെ കാണുകയാണ്. നാനാഭാഗത്തെയും സദാ സഹയോഗി കുട്ടികൾ, സദാ ബാബയുടെ ഹൃദയത്തിലെ ഹൃദയസിംഹാസന ധാരി, നിരാകാരനായ ബാബയ്ക്ക് സ്വന്തം അകാലസിംഹാസനം പോലുമില്ല, എന്നാൽ നിങ്ങൾ കുട്ടികൾക്ക് എത്ര സിംഹാസനമാണ്? അപ്പോൾ ബാപ്ദാദ സിംഹാസനധാരി കുട്ടികളെ കണ്ട് സദാ ഹർഷിതമാകുകയാണ്- ആഹാ എന്റെ ഹൃദയസിംഹാസനധാരി കുട്ടികളെ! കുട്ടികൾ ബാബയെ കണ്ട് സന്തോഷിക്കുന്നു, താങ്കളേവരും ബാപ്ദാദയെ കണ്ട് സന്തോഷിക്കുന്നു എന്നാൽ ബാപ്ദാദ എത്രയാണ് കുട്ടികളെ കണ്ട് സന്തോഷിക്കുന്നത് എന്തെന്നാൽ ഓരോ കുട്ടിയും വിശേഷആത്മാവാണ്. അവസാനനമ്പറിലേതായാലും എന്നാൽ ലാസ്റ്റായാലും വിശേഷിച്ച് കോടിയിലും ചിലർ, ചിലരിലും ചിലരുടെ ലിസ്റ്റിലാണ്. അതിനാൽ ഓരോരോ കുട്ടിയെയും കണ്ട് ബാബയ്ക്കാണോ കൂടുതൽ സന്തോഷം അതോ താങ്കൾക്കോ? (രണ്ടുപേർക്കും) ബാബയ്ക്ക് എത്ര കുട്ടികളുണ്ട്! എത്ര കുട്ടികളുണ്ടോ അത്രയും സന്തോഷം, താങ്കൾക്ക് വെറും ഡബിൾ സന്തോഷമാണ്,അത്രമാത്രം. താങ്കൾക്ക് പരിവാരത്തിന്റെയും സന്തോഷമുണ്ട് എന്നാൽ ബാബയുടെ സന്തോഷം സദാ കാലത്തേതാണ്. താങ്കളുടെ സന്തോഷം സദാ കാലത്തെയോ അതോ ഇടയ്ക്കിടെ കയറിയിറങ്ങിയിരിക്കുമോ?

ബാപ്ദാദ മനസിലാക്കുന്നു ബ്രാഹ്മണജീവിതത്തിന്റെ ശ്വാസം സന്തോഷമാണ്. സന്തോഷമില്ലെങ്കിൽ ബ്രാഹ്മണജീവിതമില്ല, അവിനാശി സന്തോഷം ഇടയ്ക്കിടെയുള്ളതല്ല, ശതമാനക്കണക്കല്ല. സന്തോഷം സന്തോഷമാണ്. ഇന്ന് 50 ശതമാനം സന്തോഷമാണ്, നാളെ 100 ശതമാനമാണ്. അപ്പോൾ ജീവിതത്തിന്റെ ശ്വാസം മേലുകീഴല്ലേ! ബാപ്ദാദ ആദ്യമേ പറഞ്ഞിട്ടുണ്ട് ശരീരം പോയാലും സന്തോഷം പോകരുത്. അപ്പോൾ ഈ പാഠം സദാ പക്കയാണോ അതോ കുറേശ്ശേ കച്ചയാണോ? സദാ അടിവരയാണോ? ഇടയ്ക്കിടെയുള്ളവർ എന്താകും? സദാ സന്തോഷത്തിൽ കഴിയുന്നവർ പാസ് വിത് ഓണർ, ഇടയ്ക്കിടെ സന്തോഷത്തിൽ കഴിയുന്നവർക്ക് ധർമരാജപുരി പാസ് ചെയ്യേണ്ടി വരും. പാസ് വിത് ഓണറാകുന്നവർ ഒരു സെക്കന്റിൽ ബാബയ്ക്കൊപ്പം പോകും, തടയുകയില്ല. അപ്പോൾ താങ്കളെല്ലാം ആരാണ്? ഒപ്പം പോകുന്നവരാണോ അതോ തടഞ്ഞുനിൽക്കുന്നവരാണോ? (ഒപ്പം പോകുന്നവർ) അങ്ങനെയല്ലേ പാർട്ട്? എന്തെന്നാൽ വിശേഷ ഡയമണ്ട് ജൂബിലിയുടെ വർഷത്തിൽ ബാപ്ദാദയ്ക്ക് ഓരോ കുട്ടിയെയും പ്രതി എന്താണ് ശുഭആശ, അതറിയാമല്ലോ?

ബാപ്ദാദ എല്ലാ കുട്ടികളുടെയും ചാർട്ട് കണ്ടു. അതിൽ എന്താണ് കണ്ടത്- വർത്തമാന സമയമനുസരിച്ച ഒരു കാര്യത്തിന് വിശേഷിച്ച് കൂടുതൽ ശ്രദ്ധ വേണം.സേവനത്തിൽ വലിയ ഉണർവുത്സാഹത്തോടെ മുന്നേറുന്ന പോലെ ഡയമണ്ട് ജൂബിലിയിൽ വിശേഷിച്ച് സേവനത്തിന്റെ ഉണർവുത്സാഹമാണ്, ഇതിൽ പാസാണ്. ഓരോരുത്തരും യഥാശക്തി സേവനം ചെയ്യുന്നു, ചെയ്തുകൊണ്ടുമിരിക്കും. എന്നാൽ ഇപ്പോൾ വിശേഷിച്ച് എന്താണ് വേണ്ടത്? സമയം സമീപമാണെങ്കിൽ സമയത്തിന്റെ സമീപത അനുസരിച്ച് ഇപ്പോൾ ഏത് അലയാണ് ആവശ്യം?(വൈരാഗ്യത്തിന്റെ) ഏതു വൈരാഗ്യം? - പരിധിയുള്ളതോ പരിധിയില്ലാത്തതോ? എത്രത്തോളം സേവനത്തിന് ഉണർവുത്സാഹമുണ്ടോ അത്രയും സമയത്തിന്റെ ആവശ്യകതയനുസരിച്ച് സ്വസ്ഥിതിയിൽ പരിധിയില്ലാത്ത വൈരാഗ്യം ഏതു വരെയുണ്ട്? എന്തെന്നാൽ താങ്കളുടെ സേവനത്തിന്റെ സഫലതയാണ് എത്രയും പെട്ടെന്ന് പ്രജ തയ്യാറാകണം, അതിനാൽ സേവനം ചെയ്യുകയാണോ? എപ്പോൾ വരെയും താങ്കൾ നിമിത്തആത്മാക്കളിൽ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയില്ല, അപ്പോൾ അന്യആത്മാക്കളിലും വൈരാഗ്യവൃത്തി വരിക സാധ്യമല്ല. ഏതുവരെ വൈരാഗ്യവൃത്തി ഉണ്ടാകുന്നില്ലയോ അപ്പോൾ ആഗ്രഹിക്കുന്ന പോലെ ബാബയുടെ പരിചയം എല്ലാവർക്കും ലഭിക്കുക- അത് സാധ്യമല്ല. പരിധിയില്ലാത്ത വൈരാഗ്യം സദാകാലത്തെ വൈരാഗ്യമാണ്. അഥവാ സമയനുസരണം അഥവാ സാഹചര്യമനുസരിച്ച് വൈരാഗ്യം വരുന്നുവെങ്കിൽ സമയം നമ്പർവൺ ആയി, താങ്കൾ നമ്പർ രണ്ടായി. പരിതസ്ഥിതി അല്ലെങ്കിൽ സമയം വൈരാഗ്യം നൽകി. പരിതസ്ഥിതി തീർന്നു, സമയം കടന്നുപോയി എങ്കിൽ വൈരാഗ്യം കടന്നുപോയി. അപ്പോൾ അതിനെ എന്തു പറയും? പരിധിയില്ലാത്ത വൈരാഗ്യമോ പരിധിയുള്ളതോ? ഇപ്പോൾ പരിധിയില്ലാത്ത വൈരാഗ്യം വേണം. അഥവാ വൈരാഗ്യം ഖണ്ഡിക്കപ്പെടുന്നുവെങ്കിൽ അതിന്റെ മുഖ്യകാരണമാണ് ദേഹബോധം. ഏതുവരെ ദേഹബോധത്തിന്റെ വൈരാഗ്യമില്ലയോ അതുവരെ ഒരു കാര്യത്തിന്റെയും വൈരാഗ്യം സദാകാലത്തേക്ക് ഉണ്ടാകുകയില്ല. അൽപകാലത്തേക്ക് ആകുന്നു. സംബന്ധത്തോട് വൈരാഗ്യം- ഇതു വലിയ കാര്യമല്ല. അതു ലോകത്തും പലർക്കും ഉള്ളതുകൊണ്ട് വൈരാഗ്യം വരുന്നു എന്നാൽ ഇവിടെ ദേഹബോധത്തിന്റെ ഭിന്ന ഭിന്ന രൂപത്തിലാണ്, ആ ഭിന്ന

ഭിന്ന രൂപങ്ങളെ അറിയാമല്ലോ? എത്ര ദേഹബോധത്തിൻരെ രൂപമുണ്ട്? അതിന്റെ വിസ്താരം അറിയാം, എന്നാൽ ഈ അനേക ദേഹബോധത്തിൻരെ രൂപങ്ങളെ അറിഞ്ഞ്, പരിധിയില്ലാത്ത വൈരാഗ്യത്തിൽ കഴിയുക. ദേഹബോധം ദേഹീഅഭിമാനത്തിലേക്കു മാറട്ടെ. ദേഹബോധം സ്വാഭാവികമായ ഒന്നായതു പോലെ ദേഹീഅഭിമാനം സ്വാഭാവികമാകട്ടെ എന്തെന്നാൽ ഓരോ കാര്യത്തിലും ആദ്യത്തെ വാക്ക് ദേഹം തന്നെയാണ് വരുന്നത്. സംബന്ധമാണെങ്കിൽ ദേഹത്തിന്റെ തന്നെ സംബന്ധമാണ്, പദാർഥമാണെങ്കിൽ ദേഹത്തിന്റെ പദാർഥം. അപ്പോൾ മൂലആധാരം ദേഹബോധമാണ്. ഏതു വരെ ഏതെങ്കിലും രൂപത്തിൽ ദേഹബോധമുണ്ടോ അപ്പോൾ വൈരാഗ്യവൃത്തിയുണ്ടാകുക സാധ്യമല്ല. ബാപ്ദാദ കണ്ടു വർത്തമാനസമയത്ത് എന്താണോ ദേഹബോധത്തിന്റെ വിഘ്നം വരുന്നത്, അതിന്റെ കാരണമാണ്– ദേഹത്തിന്റെ പഴയ സംസ്കാരത്തോട് വൈരാഗ്യമില്ല. ആദ്യം ദേഹത്തിന്റെ പഴയ സംസ്കാരങ്ങളോട് വൈരാഗ്യം വേണം. സംസ്കാരം സ്ഥിതിയിൽ നിന്നും താഴേക്കു കൊണ്ടുവരുന്നു. സംസ്കാരത്തിന്റെ കാരണത്താൽ സേവനത്തിൽ അഥവാ സംബന്ധ സമ്പർക്കത്തിൽ വിഘ്നം വീഴുന്നു. അപ്പോൾ റിസൽറ്റിൽ കണ്ടു ദേഹത്തിന്റെ പഴയ സംസ്കാരങ്ങളിൽ നിന്ന് ഏതുവരേക്കും വൈരാഗ്യം വരുന്നില്ലയോ, അതു വരെ പരിധിയില്ലാത്ത വൈരാഗ്യം സദാ ഉണ്ടായിരിക്കുകയില്ല. സംസ്കാരം ഭിന്ന ഭിന്ന രൂപത്തിൽ അതിനു നേർക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. എവിടെയാണോ ഏതിനെങ്കിലും നേർക്ക് ആകർഷണമുള്ളത്, അവിടെ വൈരാഗ്യം വരിക സാധ്യമല്ല. അപ്പോൾ പരിശോധിക്കൂ –ഞാൻ സ്വന്തം പഴയതോ വ്യർഥമോ ആയ സംസ്കാരങ്ങളിൽ നിന്നു മുക്തമാണോ? എത്ര തന്നെ പരിശ്രമിച്ചാലും വൈരാഗ്യവൃത്തിയിൽ കഴിയുക എന്നത് ചെയ്യുന്നുവെങ്കിലും പക്ഷേ സംസ്കാരം ചില ചിലരുടേത് അഥവാ ഭൂരിപക്ഷത്തിന്റേത് ഏതെങ്കിലുമേതെങ്കിലും രൂപത്തിൽ ഇങ്ങനെ പ്രബലമാണ്– തനിക്കു നേർക്ക് ആകർഷിക്കുന്നു. അപ്പോൾ ആദ്യം പഴയ സംസ്കാരത്തോട് വൈരാഗ്യം. സംസ്കാരം ആഗ്രഹിച്ചില്ലെങ്കിൽ കൂടി എമർജാകുന്നത് എന്തു കൊണ്ട്? ആഗ്രഹിക്കുന്നില്ല എന്നാൽ സൂക്ഷ്മത്തിൽ സംസ്കാരങ്ങളെ ഭസ്മമാക്കിയില്ല. എവിടെയെവിടെയെങ്കിലും അംശമാത്രയെങ്കിലും ഇരിക്കുന്നു, ഒളിഞ്ഞിരിക്കുന്നു, അത് സമയത്ത് ആഗ്രഹിച്ചില്ലെങ്കിലും എമർജാകുന്നു. പിന്നെ പറയുന്നു ആഗ്രഹിച്ചില്ലായിരുന്നു പക്ഷേ എന്തു ചെയ്യും, സംഭവിച്ചുപോയി, സംഭവിച്ചുപോകുന്നു... ഇത് ആരാണ് പറയുന്നത് –ദേഹബോധമോ ദേഹീഅഭിമാനമോ?

അപ്പോൾ ബാപ്ദാദ കണ്ടു– സംസ്കാരങ്ങളിൽ നിന്നുള്ള വൈരാഗ്യവൃത്തിയിൽ ദുർബലതയുണ്ട്. അവസാനിപ്പിച്ചുവെങ്കിൽ അംശം പോലുമുണ്ടാകരുത്, ഇങ്ങനെ അവസാനിപ്പിച്ചില്ല, എവിടെ അംശമുണ്ടോ വംശമുണ്ടാകുക തന്നെ ചെയ്യും. ഇന്ന് അംശമാണ്, സമയപ്രമാണം വംശത്തിൻരെ രൂപമെടുക്കുന്നു. പരവശമാക്കുന്നു. പറയാൻ എല്ലാവരും എന്തു പറയുന്നു, ബാബ നോളജ്ഫുൾ ആയതു പോലെ ഞങ്ങളും നോളജ്ഫുൾ ആണ്. എന്നാൽ സംസ്കാരത്തിന്റെ യുദ്ധമുണ്ടാകുമ്പോൾ നോളജ്ഫുൾ ആണോ നോളജ് പുൾ ആണോ? എന്താണ്? നോളജ്ഫുൾ നു പകരം നോളജ് പുൾ ആയിത്തീരുന്നു. ആ സമയത്ത് ആരോടു വേണമെങ്കിലും ചോദിക്കൂ, അപ്പോൾ പറയും – അതെ എനിക്കും മനസിലാകുന്നുണ്ട്, സംഭവിക്കാനൊന്നും പാടില്ലാത്തതാണ്, ചെയ്യാൻ പാടില്ലാത്തതാണ്, എന്നാൽ സംഭവിച്ചുപോകുന്നു. അപ്പോൾ നോളജ്ഫുൾ ആയോ അതോ നോളജ് പുൾ ആണോ? (നോളജ് പുൾ എന്നാൽ നോളജിനെ വലിച്ചെടുക്കുന്നത്) നോളജ്ഫുൾ ആയവരോട് ഒരു സംസ്കാരവും സംബന്ധവും പദാർഥവും യുദ്ധം ചെയ്യുകയില്ല.

അപ്പോൾ ഡയമണ്ട് ജൂബിലി ആഘോഷിക്കുകയാണ്, ഡയമണ്ട് ജൂബിലിയുടെ അർഥമാണ്– ഡയമണ്ട് ആകുക അതായത് പരിധിയില്ലാത്ത വൈരാഗി ആകുക. എത്രത്തോളം സേവനത്തിനുള്ള ഉണർവുണ്ടോ അത്രയും വൈരാഗ്യവൃത്തിയുടെ ശ്രദ്ധയില്ല. ഇതിൽ അശ്രദ്ധയാണ്. നടക്കുന്നുണ്ട്.. സംഭവിക്കുന്നുണ്ട്.. ആയിക്കോളും... സമയം വന്നാൽ ശരിയായിക്കോളും.. അപ്പോൾ സമയമാണോ താങ്കളുടെ അധ്യാപകൻ അതോ ബാബയാണോ അധ്യാപകൻ? ആരാണ്? അഥവാ സമയത്ത് പരിവർത്തനപ്പെടുകയാണെങ്കിൽ താങ്കളുടെ അധ്യാപകൻ സമയമായി! താങ്കളുടെ രചന താങ്കളുടെ അധ്യാപകനാകുക ഇത് ശരിയാണോ? അപ്പോൾ ഇങ്ങനെയുള്ള പരിതസ്ഥിതികൾ വരുന്നുവെങ്കിൽ എന്തു പറയുന്നു? സമയമാകുമ്പോൾ ശരിയാക്കാം, ആയിക്കോളും. ബാബയ്ക്കും ഉപദേശമേകുകയാണ്– വിഷമിക്കാതിരിക്കൂ, ആയിക്കോളും. സമയമാകുമ്പോൾ തീർച്ചയായും മുന്നേറും. അപ്പോൾ സമയത്തെ അധ്യാപകനാക്കുക– ഇത് താങ്കൾ മാസ്റ്റർ രചയിതാക്കൾക്ക് ശോഭിക്കുമോ? നന്നായി തോന്നുന്നുണ്ടോ? ഇല്ല, സമയം രചനയാണ്, താങ്കൾ മാസ്റ്റർ രചയിതാവാണ്. അപ്പോൾ രചന മാസ്റ്റർ രചയിതാവിന്റെ ശിക്ഷകനാകുക– ഇത് മാസ്റ്റർ രചയിതാവിന് ശോഭയല്ല. ഇപ്പോൾ ബാപ്ദാദ നൽകിയിരിക്കുന്ന സമയം, അതിൽ വൈരാഗ്യവൃത്തിയെ എമർജ് ചെയ്യൂ എന്തെന്നാൽ സേവനത്തിൻരെ ആകർഷണത്തിൽ വൈരാഗ്യവൃത്തി അവസാനിച്ചുപോകുന്നു. സേവനത്തിൽ സന്തോഷവും ലഭിക്കുന്നു, ശക്തിയും ലഭിക്കുന്നു, പ്രത്യക്ഷഫലവും ലഭിക്കുന്നു, എന്നാൽ പരിധിയില്ലാത്ത വൈരാഗ്യം അവസാനിക്കുന്നതും സേവനത്തിൽ തന്നെയാണ്. അതിനാൽ ഇപ്പോൾ തനിക്കുള്ളിൽ ഈ വൈരാഗ്യവൃത്തിയെ ഉണർത്തൂ. കൽപം മുമ്പും ആയിട്ടുള്ളത് താങ്കൾ തന്നെയല്ലേ അതോ മറ്റാരെങ്കിലുമാണോ? താങ്കൾ തന്നെയല്ലേ. മർജ് ആയിരിക്കുകയാണ് എന്നു മാത്രം, അതിനെ എമർജ്

ചെയ്യൂ. ഇങ്ങനെയുള്ള സേവനത്തിന്റെ പ്ലാനിനെ പ്രാക്ടിക്കലിൽ എമർജ് ചെയ്യുകയാണ്, അപ്പോഴല്ലേ സഫലത ലഭിക്കുന്നത്. അങ്ങനെ ഇപ്പോൾ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയെ എമർജ് ചെയ്യൂ. എത്ര തന്നെ സാധനം പ്രാപ്തമായാലും, സാധനങ്ങളാണെങ്കിൽ താങ്കൾക്ക് ദിനം പ്രതി ദിനം കൂടുതൽ ലഭിക്കുക തന്നെ വേണം. എന്നാൽ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയുടെ സാധന മർജ് ആകരുത്, എമർജ് ആയിരിക്കണം. സാധനത്തിന്റെയും സാധനയുടെയും ബാലൻസ്, എന്തെന്നാൽ മുന്നോട്ടു പോകവേ പ്രകൃതി താങ്കളുടെ ദാസിയാകും. സത്കാരം ലഭിക്കും, സ്വമാനം ലഭിക്കും. എന്നാൽ എല്ലാം ഉണ്ടായിക്കൊണ്ടും വൈരാഗ്യവൃത്തി കുറഞ്ഞുപോകരുത്. അപ്പോൾ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയുടെ അന്തരീക്ഷം സ്വയത്തിൽ അനുഭവം ചെയ്യുന്നുവോ അതോ സേവനത്തിൽ ബിസിയായിപ്പോയോ? ലോകർക്ക് സേവനത്തിന്റെ പ്രഭാവം കാണപ്പെടുന്നില്ലേ! ഇങ്ങനെ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയുടെ പ്രഭാവം കാണപ്പെടട്ടെ. ആദിയിൽ താങ്കളേവരുടെയും  സ്ഥിതി എന്തായിരുന്നു? കറാച്ചിയിൽ ആയിരുന്നപ്പോൾ പുറമെയുള്ള ഒരു സേവനങ്ങളും ഉണ്ടായിരുന്നില്ല, സാധനങ്ങളുണ്ടായിരുന്നു, എന്നാൽ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയുടെ അന്തരീക്ഷം സേവനത്തെ വർധിപ്പിച്ചു. അപ്പോൾ ആരെല്ലാം ഡയമണ്ട് ജൂബിലിക്കാരാണോ അവരിൽ ആദി സംസ്കാരമുണ്ട്, ഇപ്പോൾ മർജ് ആയിരിക്കുകയാണ്, ഇനി വീണ്ടും ഈ വൃത്തിയെ എമർജ് ചെയ്യൂ. ആദിരത്നങ്ങളുടെ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയാണ് സ്ഥാപന ചെയ്തത്. ഇപ്പോൾ പുതിയ ലോകത്തിന്റെ സ്ഥാപനയ്ക്കായി വീണ്ടും അതേ മനോവൃത്തി, അതേ അന്തരീക്ഷം എമർജ് ചെയ്യൂ. അപ്പോൾ എന്താണ് ആവശ്യം?

സാധനങ്ങളേയില്ല, എന്നിട്ട് പറയൂ, എനിക്ക് വൈരാഗ്യമുണ്ട്. ആര് അംഗീകരിക്കും? സാധനങ്ങളുമുണ്ടാകണം വൈരാഗ്യവും വേണം. ആദ്യത്തെ സാധനങ്ങളിലും ഇപ്പോഴത്തെ സാധനങ്ങളിലും എത്രയാണ് അന്തരം? സാധന മറഞ്ഞുപോയി, സാധനം പ്രത്യക്ഷമായിരിക്കുന്നു. നല്ലതാണ്, സാധനം വലിയ മനസോടെ ഉപയോഗിക്കൂ എന്തെന്നാൽ സാധനം താങ്കൾക്കു വേണ്ടിത്തന്നെയാണ്, എന്നാൽ സാധനയെ മർജാക്കരുത്. പൂർണ ബാലൻസ് വേണം. ലോകരോട് പറയുന്നതു പോലെ കമലപുഷ്പസമാനമാകൂ എങ്കിൽ സാധനമുണ്ടായിട്ടും കമലപുഷ്പസമാനമാകൂ. സാധനം മോശമല്ല, സാധനം താങ്കളുടെ കർമത്തിന്റെ ,യോഗത്തിന്റെ ഫലമാണ്. എന്നാൽ കാര്യം മനോവൃത്തിയുടേതാണ് . ഇങ്ങനെയല്ലല്ലോ സാധനങ്ങലുടെ പ്രവൃത്തിയിൽ, സാധനങ്ങൾക്കു വശപ്പെട്ട് കുടുങ്ങിപ്പോകുന്നില്ലല്ലോ. കമലപുഷ്പസമാനം വേറിട്ടതും ബാബയ്ക്കു പ്രിയപ്പെട്ടതും. ഉപയോഗിച്ചുകൊണ്ടും അവയുടെ പ്രഭാവത്തിൽ വരാതിരിക്കൂ, വേറിട്ടതാകണം. സാധനം പരിധിയില്ലാത്ത വൈരാഗ്യവൃത്തിയെ അപ്രത്യക്ഷമാക്കരുത്. ഇപ്പോൾ വിശ്വം അതിയിലേക്കു പോകുകയാണ്. അതിനാൽ ഇപ്പോഴത്തെ ആവശ്യകതയാണ്– സത്യമായ വൈരാഗ്യവൃത്തിയുടേത്. ആ അന്തരീക്ഷം ഉണ്ടാക്കുന്നവർ താങ്കളാണ്, ആദ്യം അവനവനിൽ, പിന്നീട് ലോകത്ത്.

അപ്പോൾ ഡയമണ്ട് ജൂബിലിക്കാർ എന്തു ചെയ്യും? അല പരത്തുകയില്ലേ? താങ്കളെല്ലാം അനുഭവിയാണ്. ആരംഭത്തിലെ അനുഭവമില്ലേ! എല്ലാം ഉണ്ടായിരുന്നു. എത്ര കഴിക്കാൻ സാധിക്കുമോ അത്രയും നാടൻ നെയ്യ് കഴിച്ചോളൂ, എന്നിട്ടും പരിധിയില്ലാത്ത വൈരാഗ്യവൃത്തി. ലോകർ നാടൻ നെയ്യ് കഴിച്ചിരുന്നു എന്നാൽ താങ്കൾ കുടിക്കുകയായിരുന്നു. നെയ്യിന്റെ നദികൾ കണ്ടു. അപ്പോൾ ഡയമണ്ട് ജൂബിലിക്കാർക്ക് വിശേഷ ജോലി ചെയ്യണം– പരസ്പരം കൂടുമ്പോൾ ആത്മീയ സംഭാഷണം ചെയ്യണം. സേവനത്തിൻരെ മീറ്റിംഗ് ചെയ്യുന്നതു പോലെ ഇതിന്റെയും മീറ്റിംഗ് നടത്തൂ. എന്താണോ ബാപ്ദാദ പറയുന്നത് ആഗ്രഹിക്കുന്നുണ്ട്– സെക്കന്റിൽ അശരീരിയാകണം– അതിന്റെ അടിത്തറ ഈ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയാണ്. അല്ലെങ്കിൽ എത്ര തന്നെ പരിശ്രമിച്ചാലും സെക്കന്റിൽ സാധിക്കുകയില്ല. യുദ്ധത്തിലേക്കു തന്നെ പോകും. എവിടെ വൈരാഗ്യമുണ്ടോ അപ്പോൾ ഈ വൈരാഗ്യമാണ് യോഗ്യ ഭൂമി, അതിലേക്ക് എന്ത് ഇട്ടാലും അതിന്റെ ഫലം ഉടൻ പുറത്തുവരുന്നു. അപ്പോൾ എന്തു ചെയ്യണം? എല്ലാവർക്കും ഞങ്ങൾക്കും ഇപ്പോൾ വൈരാഗ്യവൃത്തിയിലേക്കു പോകണം. ശരി, മനസിലായോ എന്തു ചെയ്യണമെന്ന്. എളുപ്പമാണോ പ്രയാസമാണോ? അൽപാൽപം ആകർഷണമുണ്ടാകുമോ ഇല്ലയോ? സാധനം തനിക്കു നേരെ ആകർഷിക്കില്ലല്ലോ?

ഇപ്പോൾ അഭ്യാസം വേണം– എപ്പോൾ വേണമോ, എവിടെ വേണമോ, എങ്ങനെ വേണമോ– അവിടെ സ്ഥിതിയെ സെക്കന്റിൽ സെറ്റ് ചെയ്യാൻ സാധിക്കണം. സേവനത്തിൽ വരണമെങ്കിൽ സേവനത്തിൽ വരണം. സേവനത്തിൽ നിന്നു വേറിടണമെങ്കിൽ വേറിടണം. ഇങ്ങനെയാകരുത്– സേവനം എന്നെ ആകർഷിക്കുന്നു. സേവനമില്ലാതെ കഴിയാൻ സാധിക്കില്ല. എപ്പോൾ വേണമോ, എങ്ങനെ വേണമോ, വിൽപവർ വേണം. വിൽപവർ ഉണ്ടോ? സ്റ്റോപ്പ് എങ്കിൽ സ്റ്റോപ്പ് ആകണം. ഇങ്ങനെയാകരുത്– സ്റ്റോപ്പിടുക എന്നാൽ ആകുന്നത് ചോദ്യചിഹ്നം. ഫുൾസ്റ്റോപ്പ്, സ്റ്റോപ്പുമല്ല ഫുൾസ്റ്റോപ്പ്. എന്തു വേണമോ അതു പ്രാക്ടിക്കലായി ചെയ്യാൻ കഴിയണം. ആഗ്രഹിക്കുന്നു എന്നാൽ സംഭവിക്കുക പ്രയാസമാണ് എങ്കിൽ ഇതിനെ എന്തു പറയും? വിൽപവർ ആണോ പവർ ആണോ? സങ്കൽപം ചെയ്തു, വ്യർഥം സമാപ്തം, അപ്പോൾ സെക്കന്റിൽ സമാപ്തമാകട്ടെ.

ബാപ്ദാദ കേൾപ്പിച്ചു- പല കുട്ടികളും പറയുന്നു- ഞങ്ങൾ യോഗത്തിനിരിക്കുന്നുണ്ട് എന്നാൽ യോഗത്തിനു പകരം യുദ്ധത്തിലാണ് വരുന്നത്. യോഗിയാകുന്നില്ല, യോദ്ധാവാകുന്നു. യുദ്ധം ചെയ്യുന്നതിന്റെ അഥവാ വളരെക്കാലത്തെ സംസ്കാരമായാൽ എന്താകും? സൂര്യവംശിയോ ചന്ദ്രവംശിയോ? ചിന്തിച്ചു, ,സംഭവിച്ചു. ചിന്തിക്കുന്നതും നടക്കുന്നതും സെക്കന്റിന്റെ കാര്യമാണ്. ഇതിനെ പറയുന്നു- വിൽപവർ. വിൽപവറുണ്ട്- പ്ലാൻ വളരെ നന്നായി ഉണ്ടാക്കുന്നു, എന്നാൽ പ്ലാൻ ഉണ്ടാക്കുന്നത് 10, എന്നാൽ പ്രാക്ടിക്കലിൽ സംഭവിക്കുന്നത് 5, ഇങ്ങനെയാകുന്നില്ലല്ലോ? ചിന്തിക്കുന്നത് വളരെ നന്നായിട്ടാണ്- ഇതു ചെയ്യും, ഇതു നടക്കും, ഇതു നടക്കും. എന്നാൽ പ്രാക്ടിക്കലിൽ വ്യത്യാസം വരുന്നു. ഇപ്പോൾ അങ്ങനെ വിൽപവർ വേണം, സങ്കൽപിച്ചു, കർമത്തിൽ പ്രാക്ടിക്കലിൽ നടന്നു കഴിഞ്ഞു. ഇങ്ങനെ അനുഭവമുണ്ടല്ലോ. ഇല്ലെങ്കിൽ കാണാനാകുന്നു- അമൃതവേളയിൽ ബാബയോട് ആത്മീയസംഭാഷണം ചെയ്യുമ്പോൾ വളരെ നല്ല നല്ല കാര്യങ്ങൾ സംസാരിക്കുന്നു. ഇതു ചെയ്യും, ഇതു ചെയ്യും.. രാത്രിയാകുമ്പോൾ റിസൽറ്റ് എന്താണ്? ബാബയെ വളരെ സന്തോഷിപ്പിക്കുന്നു, ഇത്ര മധുരമധുരമായി സംസാരിക്കുന്നു, ഇത്രയും നല്ല നല്ലതായി സംസാരിക്കുന്നു, ബാബയും സന്തോഷിക്കുന്നു, ആഹാ എന്റെ കുട്ടികളെ! പറയുന്നു, ബാബാ അങ്ങ് എന്തു പറഞ്ഞുവോ, അതു തന്നെ നടക്കും, നടന്നു കഴിഞ്ഞതാണ്. വളരെ നല്ല നല്ല കാര്യങ്ങൾ സംസാരിക്കുന്നു. പലരും ബാബയെ ഇത്രയും ആശ്വസിപ്പിക്കുന്നു- ബാബാ ഞങ്ങളല്ലെങ്കിൽ പിന്നെ ആര്, ബാബാ കൽപ കൽപം ഞങ്ങൾ തന്നെ ആയിരുന്നു, സന്തോഷമാകുന്നു. (ഹാളിൽ പിറകിലിരിക്കുന്നവരോട്) പിന്നിലിരിക്കുന്നവർ നന്നായി കേൾക്കുന്നുണ്ടല്ലോ?

മുന്നിലിരിക്കുന്നവർക്കു മുമ്പേ പിന്നിലിരിക്കുന്നവർ ചെയ്യുമോ? ഇരിക്കുന്നത് പിന്നിലാണ് എന്നാൽ ഹൃദയത്തിന് ഏറ്റവും സമീപമാണ്. എന്തുകൊണ്ട്? മറ്റുള്ളവർക്ക് അവസരം നൽകുക -ഈ സേവനം ചെയ്തുവല്ലോ! അപ്പോൾ സേവാധാരി സദാ ബാബയുടെ ഹൃദയത്തിലാണ്. ഒരിക്കലും ഇങ്ങനെ ചിന്തിക്കരുത്- അഥവാ ദാദിമാർ ഉണ്ടായിരുന്നെങ്കിൽ ഞങ്ങളും കുറച്ച്... എന്തിനാണ് മുന്നിൽ, ഹൃദയത്തിലില്ലേ. ഹൃദയവും സാധാരണ ഹൃദയമല്ല, സിംഹാസനമാണ്. അപ്പോൾ ഹൃദയസിംഹാസനധാരിയല്ലേ. എവിടെയാണിരിക്കുന്നതെങ്കിലും, ഈ കോണിലാണ് ഇരിക്കുന്നതെങ്കിലും, താഴെയാണ് ഇരിക്കുന്നതെങ്കിലും, കാബിനിലാണ് ഇരിക്കുന്നതെങ്കിലും... എന്നാൽ ബാബയുടെ ഹൃദയത്തിലാണ്.ശരി

നാനാഭാഗത്തെയും സിംഹാസനധാരി ശ്രേഷ്ഠഭാഗ്യവാൻ ആത്മാക്കൾ, സദാ പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയിലൂടെ അന്തരീക്ഷമുണ്ടാക്കുന്ന വിശേഷആത്മാക്കൾ, സദാ തന്റെ ശ്രേഷ്ഠ വിശേഷതകളെ കാര്യത്തിലുപയോഗിക്കുന്ന വിശേഷ ആത്മാക്കൾ, സദാ ഒരു ബാബയുടെ കൂട്ടും ശ്രീമതത്തിന്റെ കൈയും അനുഭവം ചെയ്യുന്ന സമീപആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണ, നമസ്തേ.

## വരദാനം: ഏകവ്രതയുടെ രഹസ്യത്തെ അറിഞ്ഞ് വരദാതാവിനെ സംപ്രീതനാക്കുന്ന സർവ സിദ്ധിസ്വരൂപമായി ഭവിക്കട്ടെ.

വരദാതാവായ അച്ഛന്റെ പക്കൽ അളവറ്റ വരദാനങ്ങളുണ്ട്, എത്ര എടുക്കാൻ ആഗ്രഹിക്കുന്നുവോ തുറന്ന ഭണ്ഡാരമാണ്. ഇങ്ങനെയുള്ള തുറന്ന ഭണ്ഡാരത്തിൽ നിന്നും പല കുട്ടികളും സമ്പന്നമാകുന്നു, ചിലർ യഥാശക്തി സമ്പന്നമാകുന്നു. ഏറ്റവുമധികം സഞ്ചി നിറച്ചു തരുന്നതിൽ നിഷ്കളങ്ക വരദാതാ രൂപം തന്നെയാണ്. കേവലം സംപ്രീതനാക്കുവാനുള്ള വിധി അറിഞ്ഞോളൂ എങ്കിൽ സർവ സിദ്ധികളും പ്രാപ്തമായിത്തീരും. വരദാതാവിന് ഒരു വാക്ക് ഏറ്റവും പ്രിയമാകുന്നു- ഏകവ്രത. സങ്കൽപം, സ്വപ്നത്തിൽ പോലും രണ്ടുവ്രതയാകരുത്. മനോവൃത്തിയിലുണ്ടാകണം- എന്റേത് ഒരേയൊരാൾ, രണ്ടാമതൊരാളില്ല. ആര് ഈ രഹസ്യത്തെ അറിഞ്ഞുവോ, അവരുടെ സഞ്ചി വരദാനങ്ങളാൽ നിറഞ്ഞിരിക്കുന്നു.

## സ്ലോഗൻ: മനസാ വാചാ – രണ്ടു സേവനങ്ങളും ഒപ്പമൊപ്പം ചെയ്യൂ എങ്കിൽ ഡബിൾഫലം പ്രാപ്തമായിക്കൊണ്ടിരിക്കും